പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6630 12.07.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിത നഷ്ടം

ചോദ്യം

ശ്രീമതി. കെ. കെ. ലതിക

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ഇതുവരെയുള്ള സഞ്ചിത നഷ്ടം എത്രയാണെന്ന് അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ 2010-11 വരെയുള്ള വാർഷിക കണക്ക് മാത്രമേ പൂർത്തിയായിട്ടുള്ളൂ. പ്രസ്തുത കണക്ക് അനുസരിച്ച് സഞ്ചിത നഷ്ടം 2,102.87 കോടി രൂപയാണ്. |
| (ബി) | ബസ്സുകളുടെ തേയ്മാന ചെലവായി എത്ര ശതമാനമാണ് ഓരോ വർഷവും ഓരോ ബസ്സുകൾക്കും ചാർജ് ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ബസ്സുകളുടെ തേയ്മാന ചെലവായി ആദ്യ വർഷം 7.5% -വും തുടർന്നുള്ള 6 വർഷങ്ങളിൽ 15% -വും അവസാന വർഷം 2.5% വുമാണ് കണക്കാക്കുന്നത്. |
| (സി) | തേയ്മാനം ഓരോ വർഷവും ചാർജ് ചെയ്തതിനു ശേഷം 10 വർഷമായ ഒരു ബസ്സിന് ബാലൻസ് ഷീറ്റിൽ എത്രയാണ് വിലയുണ്ടാവുക എന്ന് വ്യക്തമാക്കുമോ? | (സി) | തേയ്മാന ചെലവ് മേൽപറഞ്ഞ രീതിയിൽ കണക്കാക്കുന്നതിനാൽ 8 വർഷമാകുമ്പോൾ തന്നെ ബസിന്റെ വില പൂർണ്ണമായും ഇല്ലാതാകുന്നു. |

സെക്ഷൻ ഓഫീസർ